(സി) തീരപഥം പദ്ധതി ഈ കാലയളവിലാണ് കരാർ ഉറപ്പിച്ച് പണി തുടങ്ങിയത്.

(ഡി) തിരുവനന്തപുരം നഗരത്തിലെ തിരുമല ഭാഗത്ത് ശുദ്ധജല വിതരണം 16 എം. എൽ. ഡി. ട്രീറ്റ്മെന്റ് പ്ലാന്റ് പണി പൂർത്തിയാക്കി. തീരപഥം പദ്ധതി ഭാഗികമായി പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്തു.

(ഇ) മെഡിക്കൽ കോളേജിലേക്കുള്ള പൈപ്പ്ലൈനുകളും ചെട്ടിക്കുന്ന് ടാങ്കും പണി തീർക്കേണ്ടതായിട്ടുണ്ട്. മറ്റു പണികളിൽ മെയിൻ ലൈനുകളുമായി കൂട്ടി യോജിപ്പിക്കുന്ന പണികളും ചെയ്യേണ്ടതായിട്ടുണ്ട്.

(എഫ്) ഈ പ്രവർത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്ന രീതിയിൽ പണികൾ പുരോഗമിച്ചുവരുന്നു. മേയ് മാസം പകുതിയോടു കൂടി ഇത് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി) 2005 ആഗസ്റ്റ് മാസത്തോടെ തുടങ്ങുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കേരള വാട്ടർ അതോറിറ്റി ശുദ്ധജല വിതരണ അറ്റകുറ്റപ്പണികൾ പുറത്തുള്ള ഏജൻസികളെ ഏൽപ്പിച്ച നടപടി

57 [3919] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
„ *എം. കുമാരൻ:*
„ *മാങ്കോട് രാധാകൃഷ്ണൻ:*
„ *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ശുദ്ധജല വിതരണ സംവിധാനത്തിന്റെ അറ്റകുറ്റപ്പണികൾ പുറത്തുള്ള ഏജൻസികളെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കോട്ടയം നഗരങ്ങളിലെ അറ്റകുറ്റപ്പണികൾ ഏതെല്ലാം ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ നിന്ന് വാട്ടർ അതോറിറ്റി പിൻവാങ്ങാനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ കെ. ഡബ്ല്യു. എ./ജെ. ബി./ഇ1/ 5838/2002-തീയതി 14-1-2003-ലെ ഉത്തരവിന്റെ ഉദ്ദേശ്യം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) നിലവിൽ വാട്ടർ അതോറിറ്റിയിൽ നടപ്പാക്കിവരുന്ന ആനുവൽ മെയിന്റനൻസ് കോൺട്രാക്ടും നിർദ്ദിഷ്ട ആനുവൽ മെയിന്റനൻസ് കോൺട്രാക്ടും തമ്മിലുള്ള അന്തരം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കേരളാ വാട്ടർ അതോറിറ്റിയുടെ ഏതെങ്കിലും പദ്ധതികൾ സഹകാര്യ സ്ഥാപനങ്ങളെ ഏൽപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ നിന്നും വാട്ടർ അതോറിറ്റി പിൻവാങ്ങിയിട്ടില്ല.

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിലാണ് അറ്റകുറ്റപ്പണികൾ നടത്തിവരുന്നത്. എന്നാൽ ചില സ്ഥലങ്ങളിൽ ഈ വ്യവസ്ഥയിൽ കരാർ ഏറ്റെടുത്തവർ സമയബന്ധിതമായി പണി തീർക്കാതെ വരുന്ന സാഹചര്യത്തിൽ എച്ച്. ആർ. (Hand Receipt) വ്യവസ്ഥയിൽ പണി ചെയ്യിക്കാറുണ്ട്. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് അക്കൗണ്ടബിലിറ്റി ഇല്ലാതെ വരികയും അതുമൂലം അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുകയും ചെയ്യാറുണ്ട്. ഇങ്ങനെ വരുന്ന സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കാനാണ് പരീക്ഷണാർത്ഥം പുതിയ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് നടപ്പിലാക്കാൻ 14-1-2004-ലെ കെ. ഡബ്ലിയു. എ./ജെ. ബി./ഇ1/ 5838/2002 പ്രകാരം വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചത്.

(ഇ) നിലവിലുള്ള ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് (റേറ്റ് കോൺട്രാക്ട്) ലേബർ ചാർജ്ജ് മാത്രം അടങ്ങിയതാണ്. എന്നാൽ മെറ്റീരിയൽസ് അടക്കം പണി ചെയ്യുന്നതാണ് നിർദ്ദിഷ്ട ആനുവൽ മെയിന്റനൻസ് കോൺട്രാക്ട്.

(എഫ്) തീരുമാനിച്ചിട്ടില്ല.

മൈനർ ഇറിഗേഷന്റെ പ്രവർത്തനം

58 [3920] *ശ്രീ. ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും 10 ലക്ഷത്തിന്റെ മൈനർ ഇറിഗേഷൻ പ്രവർത്തികൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കൂടിയാലോചനായോഗം നടന്നിട്ടുണ്ടോ;

GPM. 2/257/2012.—14

LIBRARY ARCHIVES Kerala Legislative Assembly